പണിമുടക്കിൽ ലേബർ ഡിപ്പാർട്ടുമെൻറ് ഇടപെടണമെന്ന് തൊഴിലാളി സംഘടനകൾ പറയേണ്ടതുണ്ടോ, ഗവൺമെൻറിനേറയും മന്ത്രിയുടേയും ശ്രദ്ധയിൽപ്പെട്ടതിൻെറ അടിസ്ഥാനത്തിൽ അതിൽ ഇടപെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതല്ലേ?

ശ്രീ. പി. രവീന്ദ്രൻ: സാധാരണഗതിയിൽ ഒരു തൊഴിൽതർക്കമുണ്ടായാൽ യൂണിയൻ അല്ലെങ്കിൽ മാനേജുമെൻറ് ഡിപ്പാർട്ടുമെൻറിനെ രേഖാമൂലം അറിയിക്കുന്ന പതിവുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ട്രാൻസ്പോർട്ടിലെ തൊഴിലാളികൾ പണിമുടക്കുന്നതിന് മുൻപ് മാനേജുമെൻറും ഗവൺമെൻറും ഇതിനെ സംബന്ധിച്ച് ചർച്ച നടത്തിയില്ലേ, ഇതിനുവേണ്ടി ഒരു കാൺഫറൻസ് വിളിച്ചിരുന്നില്ലേ, ആ കോൺഫറൻസ് തുടരാത്തതെന്താണെന്ന് പറയാമോ?

ശ്രീ. പി. രവീന്ദ്രൻ: എന്തുകൊണ്ടാണ് തൊഴിൽതർക്കമുണ്ടായതെന്നുള്ള വിവരവും ലേബർ ഡിപ്പാർട്ടുമെൻറ് ഇടപെടണമെന്നുള്ള കാര്യവും രേഖാമൂലം അറിയിച്ചിട്ടില്ലെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: തൊഴിലാളികളുടെ ഡിമാൻറടങ്ങുന്ന പ്രമേയം ഗവൺമെൻറിന് അയച്ചുതന്നിട്ടും അത് ലേബർ ഡിപ്പാർട്ടുമെൻറ് അറിഞ്ഞിട്ടില്ലെന്നാണോ പറയുന്നത്?

ശ്രീ. പി. രവീന്ദ്രൻ: ഔദ്യോഗികമായി അങ്ങനെ അറിയിച്ചതായി രേഖകളിൽ കാണുന്നില്ല.

മി. സ്പീക്കർ: 397-ാം നമ്പർ ചോദ്യത്തിന് 2-1-1970-ൽ ഉത്തരം പറഞ്ഞിട്ടുണ്ട്.

## കരകൗശലശിൽപ്പികളുടെ സെമിനാർ

* 113 [398] ശ്രീ. പി. പി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കരകൗശല ശിൽപ്പികളുടെ ഒരു സെമിനാർ ഈ അടുത്തകാലത്ത് കനകക്കുന്നു കൊട്ടാരത്തിൽവച്ച് നടത്തുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ കരകൗശല വ്യവസായം വികസിപ്പിക്കുന്നതിലേക്ക് എന്തെങ്കിലും പുതിയ പരിപാടികൾ പ്രസ്തുത സെമിനാറിൽ ആവിഷ്ക്കരിച്ചിട്ടുണ്ടോ?

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ):

(എ) കരകൗശലവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളും സഹകരണസംഘം പ്രതിനിധികളും ഈ വ്യവസായത്തിൽ താത്പര്യമുള്ള മറ്റ് ആളുകളും പങ്കെടുത്ത് ഒരു സെമിനാർ നടത്തുകയുണ്ടായി.

(ബി) കരകൗശല വ്യവസായത്തിൻെറ വളർച്ചക്ക് സഹായകമാകുന്ന പല തീരുമാനങ്ങളും കൈക്കൊണ്ടിട്ടുണ്ട്.

ശ്രീ. പി. പി. ജോർജ്: ഈ തീരുമാനത്തിൽ പ്രധാനപ്പെട്ടവ ഏതാണെന്നു പറയാൻ ദയവുണ്ടാകുമോ?

ശ്രീ. പി. രവീന്ദ്രൻ: അത് ഒരു നീണ്ട പട്ടികയാണ്. കരകൗശല വ്യവസായങ്ങൾ പരിപോഷിപ്പിക്കുന്നതിനുള്ള നിരവധി നിർദ്ദേശങ്ങൾ ഈ

LIBRARY ARCHIVES Kerala Legislative Assembly

സമ്മേളനം മുന്നോട്ടുവച്ചിട്ടുണ്ട്. അതിൽ ചിലതൊക്കെ ഗവൺമെൻറിന്റെ പരിഗണനയിലിരിക്കുകയാണ്. അത് കാര്യമായി പരിശോധിച്ച് നടപടിയെടുക്കാൻ ഗവൺമെൻറ് വേണ്ടതു ചെയ്യുന്നതാണ്.

ശ്രീ. പി. പി. ജോർജ്: നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് ഈ കരകൗശല വ്യവസായം വികസിപ്പിക്കേണ്ടത് അത്യാവശ്യമാണെന്ന് ഗവൺമെൻറ് കരുതുന്നുണ്ടോ, ഉണ്ടെങ്കിൽ ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രായോഗികമായ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. പി. രവീന്ദ്രൻ: അതുകൊണ്ടുതന്നെയാണ് സർ ഞാൻ പറഞ്ഞത് വളരെ കാര്യമായി ഈ നിർദ്ദേശം ഗവൺമെൻറ് പരിഗണിക്കാമെന്ന്.

## എസ്. എ. പി. ക്കാരുടെ നിയമനം

* 114 (399) ശ്രീ. കെ. കെ. കുമാരപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) സി. ആർ. പി. യിൽ ചേരാൻ വിസമ്മതിച്ചതിനെ തുടർന്ന് പിരിച്ചുവിടപ്പെട്ട എത്ര എസ്. എ. പി. ക്കാർക്ക് ഇതിനകം നിയമനം നൽകി;

(ബി) ഏതെല്ലാം വകുപ്പുകളിൽ അവരെ നിയമിച്ചു;

(സി) പുനർ:നിയമനത്തിന് തിരഞ്ഞെടുത്തതിൽ സ്വീകരിച്ച മാനദണ്ഡം എന്ത്;

(ഡി) മുൻ ഗവൺമെൻറും പിരിച്ചുവിടപ്പെട്ടവരുമായി ഏതെങ്കിലും കരാർ ഇതേക്കുറിച്ചുണ്ടോ?

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) സി. ആർ. പി. യിൽ ചേരാൻ വിസമ്മതിച്ചതിനെ തുടർന്ന് പിരിച്ചുവിടപ്പെട്ടവരിൽ അച്ചടക്കരഹിതമായി പ്രവർത്തിച്ചതുമൂലം പോലീസിൽ പുനർ:നിയമനത്തിന് അനർഹരായവരൊഴികെ എല്ലാവർക്കും എസ്. എ. പി. യിൽ പുനർ:നിയമനം നൽകിയിട്ടുണ്ട്. അങ്ങനെ നിയമിച്ചവർ 218 പേരുണ്ട്. അച്ചടക്ക നടപടികൾക്ക് വിധേയരായതുമൂലം പോലീസിൽ നിയമനത്തിന് അയോഗ്യതകൽപ്പിച്ച 239 പേരെ വിവിധ ഡിപ്പാർട്ടുമെൻറുകളിൽ ലാസ്റ്റ് ഗ്രേഡു ജീവനക്കാരായി നിയമിക്കുന്നതിന് ഉത്തരവു നൽകിയിട്ടുണ്ട്.

(ബി) കൃഷി, മൃഗസംരക്ഷണം, ഇൻഡോ–സ്വിസ് പ്രോജക്ട്, വനം, സഹകരണം, കരകൗശല പരിശീലനം, വിദ്യാഭ്യാസം, വനം, ഗവൺമെൻറ് പ്രസ്, നാട്ടുചികിൽസാ, വ്യവസായം, ലാകാളേജ്, ലോക്കൽഫണ്ട് ആഡിറ്റ്, മെഡിക്കൽ കാളേജ്, എൻ. സി. സി., പബ്ലിക്ക് ലൈബ്രറി, പബ്ലിക്ക് റിലേഷൻസ്, പൊതുമരാമത്ത്, രജിസ്ട്രേഷൻ, സെക്രട്ടറിയേറ്റ്, ഫിഷറീസ് എന്നീ വകുപ്പുകളിൽ.

(സി) അച്ചടക്കനടപടികൾക്കു വിധേയരായി പോലീസിൽ പുനർ നിയമനത്തിന് അയോഗ്യത കൽപ്പിക്കാത്തവരെ പോലീസിലും, അയോഗ്യത കൽപ്പിക്കപ്പെട്ടവരെ മറ്റു ഡിപ്പാർട്ടുമെൻറുകളിലും അവരുടെസീനിയാറിറ്റി അനുസരിച്ചാണ് പുനർ:നിയമനം നടത്തുന്നത്.

(ഡി) ഇല്ല.

ശ്രീ. ടി. എ. മജീദ്: കുറച്ചുപേരെ എടുത്തുവെന്നു പറഞ്ഞു. നൂറുപേരെ ഇനിയും തിരിച്ചെടുക്കാനില്ലേ, അവരെ എന്തുകൊണ്ടാണ് തിരിച്ചെടുക്കാത്തത്?

LIBRARY ARCHIVES Kerala Legislative Assembly